പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 2490** — **18.6.2014 ലെ മറുപടിയ്ക്ക്**

## നാദാപുരത്തെ കള്ളാട്-അക്കുഡേറ്റ് കിളയിൽ താഴ റോഡിന്റെ നവീകരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ.കെ. വിജയൻ | | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| എ) | നാദാപുരം നിയോജക മണ്ഡലത്തിലെ കള്ളാട്-അക്കുഡേറ്റ് കിളയിൽ താഴ റോഡിന്റെ നവീകരണവുമായി ബന്ധപ്പെട്ട് മരുതോങ്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൽകിയ നിവേദനത്തിന്മേലുള്ള നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണ് | എ) | മരുതോങ്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കള്ളാട്-അക്കുഡേറ്റ് കിളയിൽ താഴ റോഡ് ടാർ ചെയ്തു ഗതാഗതയോഗ്യമാക്കുന്നതിന് 95 ലക്ഷം രൂപയുടെ ചെലവ് കണക്കാക്കിയിട്ടുണ്ട്. |
| ബി) | പ്രസ്തുത റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ ഏതെല്ലാം ഫയലുകൾ ഉണ്ട് ; വിശദാംശം നൽകുമോ; | ബി) | പ്രസ്തുത റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചീഫ് എൻജിനീയറുടെ കാര്യാലയത്തിൽ WP6-1832/13 എന്ന ഫയൽ നിലവിലുണ്ട്. |
| സി) | ഇതുസംബന്ധിച്ച് ഡി.പി.ആർ എന്നാണ് സർക്കാരിന് ലഭ്യമായത് | സി) | ഡി.പി.ആർ സർക്കാരിൽ ലഭ്യമായിട്ടില്ല |
| ഡി) | പ്രസ്തുത റോഡിന്റെ എസ്റ്റിമേറ്റും അനുബന്ധ വിവരങ്ങളും ലഭ്യമാക്കുമോ; | ഡി) | എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തി ചീഫ് എൻജിനീയറുടെ ഓഫീസിൽ പുരോഗമിച്ചുവരുന്നു. |
| ഇ) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത റോഡിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ? | ഇ) | എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് റോഡ് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ അനുസരിച്ചും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ